പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.676 — 05.06.2018 ൽ മറുപടിയ്ക്ക്

## നേമം മണ്ഡലത്തിലെ യുവജനക്ഷേമ ബോർഡിന്റെ പദ്ധതികൾ

ചോദ്യം — മറുപടി

ശ്രീ. ഒ. രാജഗോപാൽ — ശ്രീ.എ.സി. മൊയ്തീൻ (ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നേമം നിയോജക മണ്ഡലത്തിൽ യുവജനക്ഷേമ ബോർഡ് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്നും ഓരോ പദ്ധതിക്കും ചെലവായ തുകയെത്രയെന്നും വിശദമാക്കുമോ? | | സംസ്ഥാന യുവജന നയത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പ്രവർത്തനങ്ങളാണ് യുവജനക്ഷേമബോർഡ് നടപ്പാക്കി വരുന്നത്. കേരളോത്സവം, ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ, ദേശീയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, സാഹിത്യക്യാമ്പ്, യുവ മാധ്യമ പ്രവർത്തക ക്യാമ്പ്, വനിതാ ശിൽപശാല, പി.എസ്.സി പരിശീലനം, പരിസ്ഥിതി ദിനാചരണം, മഴക്കാല ബോധവൽക്കരണം, യുവജനദിനാചരണം, സംരംഭകത്വ പരിശീലനം. സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം, സ്വയംതൊഴിൽ ബോധവൽക്കരണ ക്യാമ്പയിനുകൾ, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, തുടങ്ങിയ പരിപാടികളാണ് യുവജനക്ഷേമ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഇവയൊന്നും മണ്ഡലം തിരിച്ചുള്ള പരിപാടികളല്ല. 2018 മെയ് മാസത്തിൽ നേമം നിയോജക മണ്ഡലത്തിൽ ബോർഡിന്റെ ധനസഹായത്തോടെ 10 ദിവസത്തെ വനിതാ കളരിപ്പയറ്റ് പരിശീലനപരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ